# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 25-11-2024**

### പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് തുടക്കമായി. ഫലപ്രദമായ ചർച്ചകൾക്ക് സമ്മേളനം വിനിയോഗിക്കണമെന്ന് അംഗങ്ങളോട് അഭ്യർത്ഥിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. ശീതകാല സമ്മേളനത്തിന്റെ ആദ്യ ദിനം അന്തരിച്ച അംഗങ്ങൾക്ക് ആദരാഞ്ജലി അർപ്പിച്ച് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേയ്ക്ക് പിരിഞ്ഞു.

3. രാജ്യത്തെ സഹകരണ മേഖലയക്ക് അനുകരണീയ മാതൃകയാണ് കേരള ബാങ്ക് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള ബാങ്ക് വാർഷിക കർമ്മ പദ്ധതികൾ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

4. ഇന്ത്യയിലെ ആദ്യത്തെ ഭാഷ-സാഹിത്യ-സാംസ്കാരിക മ്യൂസിയത്തിൻറെ ഒന്നാം ഘട്ട ഉദ്ഘാടനം നാളെ കോട്ടയത്ത് മുഖ്യമന്ത്രി നിർവഹിക്കും.

5. ഇന്ത്യ- ഓസ്ട്രേലിയ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിന്റെ നാലാം ദിനം പുരോഗമിക്കുന്നു. ഐ.എസ്.എല്ലിൽ ഇന്ന് ഹൈദരാബാദ് -ഒഡീഷ പോരാട്ടം.

&&&&&&&&&&&&&&

## പാർലമെന്റ്

പാർലമെന്റിന്റെ ശീതകാലസമ്മേളനത്തിന് തുടക്കമായി. അന്തരിച്ച എം.പി മാരായ വസന്ത് റാവു ചവാൻ, ഷേഖ് നൂറുൽ ഇസ്ലാം എന്നിവർക്ക് ആദരാഞ്ജലി അർപ്പിച്ചശേഷം ലോക്സഭ ഇന്നത്തേയ്ക്ക് പിരിഞ്ഞു. 19 സിറ്റിംഗുകളാണ് ഇത്തവണയുള്ളത്. അതേസമയം, ഭരണഘടനാ ദിനത്തോട് അനുബന്ധിച്ച് നാളെ സഭാ സമ്മേളനം ഒഴിവാക്കിയിട്ടുണ്ട്. ഭരണഘടനാ ദിനത്തോട് അനുബന്ധിച്ചുള്ള പ്രധാന ചടങ്ങ് പാർലമെന്റിലെ സെൻട്രൽ ഹാളിൽ നാളെ നടക്കും.

&&&&&&&&&&&&&&

## പി.എം-പാർലമെന്റ് (ഇൻട്രോ)

പാർലമെന്റിന്റെ ശീതകാല സമ്മേളനം ഫലപ്രദവും ക്രിയാത്മക സംവാദങ്ങളും ചർച്ചകളും കൊണ്ട് നിറയുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രത്യാശ പ്രകടിപ്പിച്ചു. പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടന രൂപീകരണത്തിന്റെ 75-ാം വർഷത്തിന് തുടക്കമിടുന്നതുൾപ്പെടെ നിരവധി കാരണങ്ങളാൽ പാർലമെന്റിന്റെ ശീതകാല സമ്മേളനം പ്രത്യേകതയുള്ളതാണെന്നും ശ്രീ. മോദി പറഞ്ഞു. (വോയ്സ്)

&&&&&&&&&&&&&&

## രാജ്യസഭ

ശീതകാല സമ്മേളനത്തിന്റെ ആദ്യ ദിനം അദാനി ഗ്രൂപ്പിന്റെ കൈക്കൂലി ആരോപണത്തിലുള്ള പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് രാജ്യസഭ ഇന്നത്തേയ്ക്ക് പിരിഞ്ഞു. വിഷയത്തിൽ

പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയ നോട്ടീസ് രാജ്യസഭ ചെയർമാൻ കൂടിയായ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നിരസിച്ചിരുന്നു. സഭ പിരിയുന്നതിനു മുമ്പ് അന്തരിച്ച ആറ് എം.പി മാർക്ക് സഭ ആദരാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&

## കേരള ബാങ്ക് - മുഖ്യമന്ത്രി (INTRO)

രാജ്യത്തെ സഹകരണ മേഖലയക്ക് ആനുകരണീയ മാതൃകയാണ് കേരള ബാങ്ക് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിലെ രണ്ടാമത്തെ ഷെഡ്യൂൾഡ് ബാങ്കായി കേരള ബാങ്കിന് മാറാനായെന്നും അഞ്ചു വർഷത്തിൽ ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കാനായെന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂരിൽ കേരള ബാങ്ക് വാർഷിക കർമ്മ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

കേരളത്തിലെ കാർഷിക മേഖലയിൽ കാര്യക്ഷമമായി ഇടപെടുന്ന ബാങ്കാണ് കേരള ബാങ്ക്. ഓരോ പ്രദേശത്തെയും സഹകരണ ബാങ്കുകൾ ആ പ്രദേശത്തെ കാർഷിക അഭിവൃദ്ധിക് വേണ്ടി ഇടപെടൽ നടത്തണമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&

## അന്താരാഷ്ട്ര ദിനം

ഇന്ന് സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള അന്താരാഷ്ട്ര ദിനം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾക്കെതിരെയുള്ള ബോധവത്കരണമാണ്

ദിനാചരണം ലക്ഷ്യം വെക്കുന്നത്. ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കാൻ കേന്ദ്ര സർക്കാർ പ്രത്യേക പ്രചാരണ പരിപാടിക്ക് ഇന്ന് തുടക്കമിടും. 'അബ് കോയി ബഹാന നഹി' എന്ന് പേരിട്ടിരിക്കുന്ന പരിപാടി കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയം, ഗ്രാമീണ വികസന മന്ത്രാലയം, യു എൻ വിമൺ എന്നിവരുടെ ആഭിമുഖ്യത്തിലാകും സംഘടിപ്പിക്കുക. നയി ചേതന 3.0 പ്രചാരണ പരിപാടിക്ക് ഇതോടൊപ്പം തുടക്കമാകും.

&&&&&&&&&&&&&&

## കെ.സുരേന്ദ്രൻ

പാലക്കാട് തിരഞ്ഞെടുപ്പ് തോൽവിയുടെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ തയ്യാറാണെന്നും തിരഞ്ഞെടുപ്പ് ഫലം വിശദമായി വിലയിരുത്തുമെന്നും ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ മാധ്യമങ്ങളോട് പറഞ്ഞു. സ്ഥാനാർത്ഥിയെ തീരുമാനിച്ചത് ഒറ്റക്കെട്ടായാണെന്ന് അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&

## റേഷൻ കാർഡ്

ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ വെള്ള, നീല പൊതുവിഭാഗം-റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിനുള്ള അപേക്ഷ ഇന്നു മുതൽ സ്വീകരിക്കും. അക്ഷയ കേന്ദ്രങ്ങൾ വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയോ ഓൺലൈനായി അപേക്ഷിക്കാം.

&&&&&&&&&&&&&&

## ഐ.എഫ്.എഫ്.കെ- രജിസ്ട്രേഷൻ

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2024 ഡിസംബർ 13 മുതൽ 20 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 29-മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിച്ചു. പൊതുവിഭാഗത്തിന് 1,180 രൂപയും വിദ്യാർത്ഥികൾക്ക് 590 രൂപയുമാണ് ജി.എസ്.ടി ഉൾപ്പെടെ ഡെലിഗേറ്റ് ഫീസ്.

&&&&&&&&&&&&&&

## ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം (ഇൻട്രോ)

ഇന്ത്യയിലെ ആദ്യത്തെ ഭാഷ-സാഹിത്യ-സാംസ്കാരിക മ്യൂസിയം കോട്ടയത്ത്. സഹകരണവകുപ്പ് നിർമ്മിച്ച അക്ഷരം മ്യൂസിയത്തിന്റെ ഒന്നാം ഘട്ട ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. മന്ത്രി വി. എൻ.വാസവൻ അദ്ധ്യക്ഷത വഹിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു.....
(വോയ്സ്)

&&&&&&&&&&&&&&

## ദേശീയ ആയുർവേദ ദിനാചരണം

കണ്ണൂർ പരിയാരം ഗവ. ആയുർവേദ കോളേജിൽ ദേശീയ ആയുർവേദ ദിനാചരണത്തിൻ്റെ ഭാഗമായി രണ്ടു ദിവസത്തെ ആയുർവേദ പ്രദർശനത്തിന് നാളെ തുടക്കം കുറിക്കും. ആന്തരാവയവങ്ങൾ, മനുഷ്യ ശരീരം, ഔഷധ സസ്യങ്ങൾ, മരുന്നുകൾ, വിവിധ തരം ആയുർവേദ ചികിത്സകൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും അറിയാനുള്ള അവസരമാണ് ഇതുവഴി

ഉണ്ടാവുക. ആയുർവേദ രംഗത്തെ നവീന ആശയങ്ങളും പ്രദർശിപ്പിക്കും. പ്രവേശനം സൗജന്യമാണ്.

**&&&&&&&&&&&&&&**

## <u>കഥകളികോപ്പ്-പത്തനംതിട്ട (ഇൻട്രോ)</u>

കഥകളി ഗ്രാമമായ അയിരൂരിൽ നിന്ന് കഥകളിക്കോപ്പുകളും കഥകളി ശിൽപങ്ങളും ലോക വിപണി ലക്ഷ്യമിട്ട് ഒരുങ്ങുന്നു. സംസ്ഥന സാംസ്കാരിക വകുപ്പിൻ്റെ ഗ്രാമീണ കലാകേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച കഥകളിക്കോപ്പ് നിർമ്മാണ പരിശീലനകേന്ദ്രം ഏറെ പ്രതീക്ഷകളാണ് കഥകളിയുടെ പേരിൽ അറിയപ്പെടുന്ന ഈ ഗ്രാമത്തിന് നൽകുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി **ശ്രീജി എസ് ശ്രീധർ.**

(വോയിസ്)

**&&&&&&&&&&&&&&**

## <u>ക്രിക്കറ്റ്</u>

ഇന്ത്യ- ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൻറെ നാലാം ദിനം പുരോഗമിക്കുന്നു. പെർത്തിൽ നടക്കുന്ന ആദ്യ ടെസ്റ്റിൽ ഇന്ന് വിജയം ഉറപ്പിക്കാനാണ് ഇന്ത്യൻ സംഘത്തിൻറെ ശ്രമം.

**&&&&&&&&&&&&&&**

## <u>ഐഎസ്എൽ</u>

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് മടക്കുന്ന മത്സരത്തിൽ ഹൈദരാബാദ് എഫ്.സി, ഒഡീഷ എഫ്.സിയെ നേരിടും. ഹൈദരാബാദിലെ ജി.എം.സി

ബാലയോഗി അത്‌ലറ്റിക് സ്റ്റേഡിയത്തിൽ വൈകിട്ട് 7.30 നാണ് മത്സരം.

**&&&&&&&&&&&&&&**

## വികസിത് ഭാരത്

ദേശീയ യുവജനോത്സവത്തിന്റെ ഭാഗമായി കേന്ദ്ര യുവജനകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യുവ നേതൃ സംഗമത്തിനായുള്ള രജിസ്ട്രേഷന് തുടക്കം. 15 മുതൽ 29 വയസ്സുവരെ പ്രായമുള്ള യുവതീ യുവാക്കൾക്കു മൈ ഭാരത് പ്ലാറ്റ്ഫോമിൽ അവതരിപ്പിക്കുന്ന ഡിജിറ്റൽ ക്വിസിൽ പങ്കെടുത്ത് തുടർ മൽസരങ്ങളിലേക്ക് യോഗ്യത നേടാം. യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നേരിട്ട് സംവദിക്കാനും ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള അവരുടെ ആശയങ്ങൾ അവതരിപ്പിക്കാനുമുള്ള അവസരം ലഭിക്കും.

**&&&&&&&&&&&&&&**

## പി.എം -കോൺഫറൻസ്

ഐ സി എ ഗ്ലോബൽ കോഓപ്പറേറ്റീവ് കോൺഫറൻസ് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും. അന്താരാഷ്ട്ര സഹകരണ സഖ്യം ഐ സി എ യുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇത് ആദ്യമായാണ് ആഗോള സഹകരണ കോൺഫറൻസ് ഇന്ത്യയിൽ നടത്തുന്നത്. 2025 അന്താരാഷ്ട്ര സഹകരണപ്രസ്ഥാന വർഷമായി ആചരിക്കുന്നതിന് മുന്നോടിയായുള്ള സ്മാരക സ്റ്റാമ്പും പ്രധാനമന്ത്രി പുറത്തിറക്കും.

**&&&&&&&&&&&&&&**

## <u>കണ്ണൂർ - കവർച്ച</u>

കണ്ണൂർ വളപട്ടണം മന്ന കെഎസ്ഇബി ഓഫീസിന് സമീപം വീടിന്റെ ജനൽ തകർത്ത് വൻ കവർച്ച. ഒരുകോടി രൂപയും 300 പവൻ സ്വർണാഭരണവും കവർന്നതായി വീട്ടുകാർ വളപട്ടണം പൊലീസിൽ പരാതി നൽകി. സി സി ടി വി ദൃശ്യങ്ങളിൽ മൂന്നംഗ സംഘമാണ് കവർച്ച നടത്തിയതെന്ന ദൃശ്യങ്ങൾ ലഭിച്ചതായി സൂചനയുണ്ട്. വളപട്ടണം പോലീസ് ഇൻസ്പെക്ടർ ടി പി സുമേഷിന്റെ നേതൃത്വത്തിലുള്ള സംഘം സ്ഥലത്തെത്തി പരിശോധന നടത്തി.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&